## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2887

13.03.2020-ൽ മറുപടിക്ക്

### പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ക്ഷേമം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി യു. പ്രതിഭ**<br>**ശ്രീ.എം. നൗഷാദ്**<br>**,, വി. അബ്ദുറഹിമാൻ**<br>**,, സി.കൃഷ്ണൻ :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• സമ്പാദ്യ സമാശ്വാസ പദ്ധതി<br>• തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ.<br>• വിദ്യാഭ്യാസ സഹായ പദ്ധതികൾ.<br>• ട്രോൾബാൻ കാലയളവിൽ സൗജന്യ റേഷൻ<br>• മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി.<br>• സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി.<br>• DAT, GPS, എക്കോ സൗണ്ടർ എന്നിവയുടെ വിതരണം.<br>• ഓഖി പുനരധിവാസ പദ്ധതികൾ.<br>• മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡൻറ് ഇൻഷ്വറൻസ് പദ്ധതി.<br>• പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ യുവാക്കളിൽ നിന്നും (ഓഖിയിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് മുൻഗണന) 200 പേരെ കോസ്റ്റൽ പോലീസിൽ കോസ്റ്റൽ വാർഡൻമാരായി നിയമനം നൽകുന്ന പദ്ധതി. |

- ഘട്ടംഘട്ടമായി മറൈൻ പ്ലൈവുഡ്, തടി വള്ളങ്ങളിൽ നിന്നും കൂടുതൽ ബലവത്തായ എഫ്.ആർ.പി. ബോട്ടുകളിലേയ്ക്ക് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പരിവർത്തനം ചെയ്യുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ 200 എഫ്.ആർ.പി. ബോട്ടുകൾ നൽകുന്ന പദ്ധതി.
- ഓഖി ദുരന്തത്തിൽപ്പെട്ട് പൂർണ്ണമായും നഷ്ടപ്പെട്ട മത്സ്യബന്ധന യാനങ്ങളിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി 120 എഫ്.ആർ.പി. ബോട്ടുകളും മറ്റു മത്സ്യബന്ധന അനുസാരികളും സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതി.
- കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ലൈഫ് ജാക്കറ്റുകൾ, ലൈഫ് ബോയെ, നാവിക്, സാറ്റലൈറ്റ് ഫോൺ, ഡാറ്റ്, ജി.പി.എസ്. വി.എച്ച്.എഫ്. മറൈൻ റേഡിയോ, എക്കോ സൗണ്ടർ തുടങ്ങിയവ വിതരണം ചെയ്യുന്ന പദ്ധതികൾ.
- കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ വളരെ വേഗം രക്ഷിച്ച് കരയ്ക്കെത്തിക്കുന്നതിനും പ്രഥമശുശ്രൂഷ നൽകുന്നതിനുമായി മൂന്ന് മറൈൻ ആംബുലൻസ് ലഭ്യമാക്കുന്ന പദ്ധതി.
- കടൽ സുരക്ഷയ്ക്കും കടലിൽ അപകടത്തിൽപ്പെടുന്നവരുടെ രക്ഷയ്ക്കും വേണ്ടി 900 മത്സ്യത്തൊഴിലാളി യുവാക്കൾ അടങ്ങുന്ന കടൽ സുരക്ഷാ സ്ക്വാഡ്.

  തുടങ്ങിയവ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണാർത്ഥം വകുപ്പ് നേരിട്ട് നടപ്പാക്കുന്ന പദ്ധതികളാണ്.

ഫിഷറീസ് വകുപ്പിന്റെ ഏജൻസികളായ മത്സ്യഫെഡ്, ക്ഷേമനിധി ബോർഡ്, സാഫ്, കേരള തീരദേശ വികസന കോർപ്പറേഷൻ എന്നിവ വഴി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.

| | | | |
|---|---|---|---|
| (ബി) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന രീതികൾ സംബന്ധിച്ച് സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ ; | (ബി) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന രീതികൾ സംബന്ധിച്ച് സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും നൽകുന്നതിന് വേണ്ടി ഒരു പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ നേട്ടം ലഭിക്കുന്നതിനായി വ്യക്തമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ട്രോളിംഗ് നിരോധന കാലയളവ് ദീർഘിപ്പിക്കുന്ന കാര്യം പരിഗണിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ ? | (സി) | സർക്കാർ നിയമിച്ച വിവിധ കമ്മിറ്റികൾ ട്രോൾബാൻ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. ട്രോൾബാൻ മൂലം മത്സ്യസമ്പത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട് എന്ന് ലഭ്യമായിട്ടുള്ള കണക്കുകൾ സൂചിപ്പിക്കുന്നു. ട്രോൾബാൻ കൂടുതൽ ഫലപ്രദമാക്കുന്നതിന് കാലാവധി 60 ദിവസമായി വർദ്ധിപ്പിക്കണമെന്നും ക്രമേണ ടി കാലയളവ് രണ്ട് ഘട്ടങ്ങളിലായി നടപ്പാക്കണമെന്നും (ജൂൺ, ജൂലൈ 30 ദിവസം, ഒക്ടോബർ, നവംബർ 30 ദിവസം) 2013-ൽ സർക്കാർ നിയോഗിച്ച കമ്മിറ്റി ശുപാർശ ചെയ്യുകയുണ്ടായി. പ്രസ്തുത ശുപാർശയുടെ കൂടെ അടിസ്ഥാനത്തിൽ 2018 വർഷം മുതൽ ട്രോൾബാൻ കാലാവധി 47 ദിവസത്തിൽ നിന്നും 52 ദിവസമായി ഉയർത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

**മത്സ്യഫെഡ്, ക്ഷേമനിധി ബോർഡ്, സാഫ്, കേരള തീരദേശ വികസന കോർപ്പറേഷൻ എന്നിവ വഴി നടപ്പിലാക്കുന്ന പദ്ധതികൾ.**

**മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ**

മത്സ്യഫെഡ് ഇൻഷ്വറൻസ് പദ്ധതി, എൻ.സി.ഡി.സി ധനസഹായത്തോടെയുള്ള സംയോജിത മത്സ്യ വികസന പദ്ധതി, എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്. സി. എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടിയുള്ള പദ്ധതികൾ, ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം, വലകൾക്കുള്ള സബ്സിഡി പദ്ധതി, നാടൻ വള്ളങ്ങളുടെ നവീകരണ പദ്ധതി, മത്സ്യഫെഡ് മത്സ്യത്തൊഴിലാളി ക്ഷേമനിധി പദ്ധതി, മത്സ്യത്തൊഴിലാളികൾക്ക് ഉല്പാദന ബോണസ്, മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യ വിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി.

**മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡു വഴിയുള്ള പദ്ധതികൾ**

മത്സ്യത്തൊഴിലാളി പെൻഷൻ പദ്ധതി, മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡൻറ് ഇൻഷ്വറൻസ് പദ്ധതി, സംയോജിത PMJJBY/PMSBY/AABY പദ്ധതി, മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടംകൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം, വിവാഹ ധനസഹായ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചടങ്ങുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്ക് ധനസഹായ പദ്ധതി, കുടുംബ സംവിധാന പദ്ധതി, മാരക രോഗ ചികിത്സാ പദ്ധതി, ചെയർമാൻസ് റിലീഫ് ഫണ്ട് ബോർഡിന്റെ പ്രത്യേക ധനസഹായ പദ്ധതി, പ്രസവ ശ്രുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി, ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി, ബോധവൽക്കരണ പരിപാടികൾ, അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായ പദ്ധതി.

**സാഫ് നടപ്പാക്കുന്ന പദ്ധതികൾ**

മത്സ്യത്തൊഴിലാളി വനിതകൾക്ക് സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി, തീരമൈത്രി പദ്ധതി, പലിശരഹിത വായ്പാ പദ്ധതി, 3R Package for Ensuring sustainable Livelihoods of Fisher women in Kerala എന്ന പദ്ധതി, Hygienic Refrigerated Mobile Fish Vending Kiosk മത്സ്യത്തൊഴിലാളി വനിതകൾക്ക് നൽകുന്ന പദ്ധതി.

**തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

മത്സ്യത്തൊഴിലാളികളുടെ പൊതു അടിസ്ഥാന സൗകര്യ വികസന പദ്ധതികളായ തീര സംരക്ഷണം, ഹാർബർ നിർമ്മാണം, വിദ്യാഭ്യാസ ആരോഗ്യ അടിസ്ഥാന സൗകര്യ വികസനങ്ങൾ, കുടിവെള്ള വിതരണം, മത്സ്യമാർക്കറ്റുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, നെറ്റ്മെൻഡിംഗ് യാർഡുകൾ, റോഡ് നിർമ്മാണം, ഡ്രെയിനേജ് നിർമ്മാണം, പൊതു ടോയ്‌ലറ്റുകൾ, ലൈബ്രറികൾ, അംഗൻവാടികൾ, ഫിഷ് ഫാം വികസനം എന്നിവയാണ് നടപ്പാക്കി വരുന്നത്.

**സെക്ഷൻ ഓഫീസർ**